## എബ്രായലേഖനത്തിന്റെ ജീവ-പഠനം

### ദൂത് പതിനേഴ്

## ദൈവോദ്ദേശ്യത്തിന്റെ നിറവേറലിനുവേണ്ടിയുള്ള നല്ല ദേശം

Sat ദൈവോദ്ദേശ്യത്തിന്റെ നിറവേറലിനുവേണ്ടിയുള്ള നല്ലദേശത്തെ സംബന്ധിച്ച ഒരു ദൂതുണ്ടായിരിക്കേണ്ടത് നമുക്കാവശ്യമാണെന്ന് എനിക്ക് ശക്തമായി തോന്നുന്നു. നല്ലദേശം എന്ന ഈ വിഷയം മിക്ക ബൈബിൾ വായനക്കാർക്കും ബൈബിൾ അധ്യാപകർക്കും ഒരു കടങ്കഥയായിരുന്നു. നല്ലദേശത്തെക്കുറിച്ച് അനേകം ക്രിസ്തീയ പുസ്തകങ്ങൾ സംസാരിക്കുന്നു. നിങ്ങൾ ഈ പുസ്തകങ്ങൾവായിക്കുന്നുവെങ്കിൽ, നല്ലദേശം കേവലം പലസ്തീനിലുള്ള ഒരു ഭൂപ്രദേശം മാത്രമല്ലെന്ന അനുഭൂതി എല്ലാ ബൈബിൾ വായനക്കാർക്കും അധ്യാപകർക്കും ഉണ്ടായിരുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കും. ബൈബിളിൽ, നല്ലദേശം അതിലും അതീതമായി ഒന്നിനെ കുറിക്കുന്ന ഒരു പ്രതീകം, ഒരു മുന്നടയാളമാണ്. നല്ലദേശം ഒരു പ്രതീകമെന്ന നിലയിൽ, മരണനദിയായ യോർദാൻ മുറിച്ചുകടന്നതിനുശേഷം ക്രിസ്ത്യാനികൾ പ്രവേശിക്കുന്ന മേഖലയാണെന്ന ഏറ്റവും താഴ്ന്ന വ്യാഖ്യാനത്തിൽപോലും അത് പെലസ്തീനിലെ ഒരു ഭൂപ്രദേശമല്ല, മറിച്ച് ആത്മികവും വിശുദ്ധവും സ്വർഗീയവുമായ ഒന്നിനെ സൂചിപ്പിക്കുന്നു എന്ന തത്ത്വത്തെ പിൻപറ്റുന്നു. നല്ലദേശത്തിന്റെ ആത്മിക പ്രാധാന്യം സമഗ്രമായി മനസ്സിലാക്കുക ഏതൊരാൾക്കും വളരെ പ്രയാസമാണ്. ഞാൻ വർഷങ്ങളായി ഈ വിഷയം പഠിക്കുകയായിരുന്നു. എന്റെ ചെറുപ്പകാലം മുതൽ, ഈ നല്ലദേശത്തിന്റെ വാസ്തവമായ പ്രാധാന്യത്തിൽ എനിക്ക് താൽപര്യമുണ്ടായിരുന്നു. ഒരു യുവ ക്രിസ്ത്യാനിയെന്ന നിലയിൽ എനിക്ക് ഈ കാര്യത്തിൽ കൂടുതൽ സഹായം ലഭിച്ചില്ലെന്നു പറയുന്നതിൽ എനിക്കു ഖേദമുണ്ട്. എന്നാൽ ഈ നല്ലദേശത്തിന്റെ യഥാർഥ പ്രാധാന്യത്തെ സംബന്ധിച്ച് കർത്താവ് ഞങ്ങൾക്ക് കാണിച്ചുതന്നത് ഇപ്പോൾ ഈ ദൂതിൽ അവതരിപ്പിക്കുവാൻ ഞാൻ പരമാവധി ശ്രമിക്കാം.

### ദൈവത്തിന്റെ ശരിയായ ജനം

ബൈബിളിൽ, ദേശമോ ഭൂമിയോ എപ്പോഴും ദൈവത്തിന്റെ

ശരിയായ ജനത്തെ സൂചിപ്പിക്കുന്നു. നേരെമറിച്ച്, സമുദ്രം സാത്താനാൽ ദുഷിപ്പിക്കപ്പെട്ടതും മലിനമാക്കപ്പെട്ടതും നശിപ്പിക്കപ്പെട്ടതുമായ ലോകത്തെ സൂചിപ്പിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ദേശം എപ്പോഴും ദൈവജനത്തെ സൂചിപ്പിക്കുകയും, സമുദ്രം ലൗകികരായ ആളുകളെ, സാത്താനാൽ മലിനമാക്കപ്പെട്ടവരും ദുഷിപ്പിക്കപ്പെട്ടവരും നശിപ്പിക്കപ്പെട്ടവരും പിടിച്ചെടുക്കപ്പെട്ടവരുമായ ജനത്തെ സൂചിപ്പിക്കുന്നു.

## ക്രിസ്തുവിന്റെ ഒരു പ്രതിരൂപം

രണ്ടാമതായി, ബൈബിളിൽ ദേശം ക്രിസ്തുവിന്റെ ഒരു പ്രതിരൂപം, ഒരു പ്രതീകമാണ്. ക്രിസ്തുവാണ് നല്ലദേശം. ഉല്പത്തിയുടെ ജീവപഠനത്തിൽ ഉല്പത്തി 1:9 നാം പഠിച്ചപ്പോൾ, മൂന്നാം ദിവസം മരണജലത്തിൽനിന്നും പുറത്തുവന്ന നിലം മൂന്നാം ദിവസം മരണത്തിൽനിന്നും പുറത്തുവന്ന ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ഒരു മുൻകുറിയായിരുന്നുവെന്ന് ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. ആ പഠനത്തിൽ നാം കണ്ടതുപോലെ, സസ്യജീവനും ജന്തുജീവനും മനുഷ്യജീവനും ഉൾപ്പെടെയുള്ള എല്ലാ ജീവനും നിലത്തുനിന്നു പുറത്തുവന്നു. മനുഷ്യൻപോലും ഉയിർത്തെഴുന്നേറ്റ നിലത്തിലെ പൊടിയിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടത്. വൈദ്യശാസ്ത്രപരമായി പറഞ്ഞാൽ, നമ്മുടെ ഭൗതിക ശരീരത്തിൽ ഭൂമിയുടെ അതേ മൂലകങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. ഭൂമിയിലും നമ്മുടെ ശരീരങ്ങളിലും ചെമ്പ്, ഇരുമ്പ്, സൾഫർ തുടങ്ങിയ മൂലകങ്ങളുണ്ട്. അതിനാൽ മനുഷ്യവർഗ്ഗം നിലത്തുനിന്നു വരുകയും, നിലം ക്രിസ്തുവിന്റെ ഒരു പ്രതിരൂപവും ആണ്. എല്ലാത്തരം ജീവന്റെയും ഉറവിടം ക്രിസ്തുവാണെന്ന് ഇതു സൂചിപ്പിക്കുന്നു. മരണജലത്തിൽനിന്നു പുറത്തുവന്ന ദേശം, മരണജലത്തിൽനിന്നു മേലോട്ട് ഉയർന്നതും മരണജലത്താൽ ചുറ്റപ്പെട്ടതുമായ ദേശം എന്ന നല്ലദേശമായ ക്രിസ്തു കനാൻദേശത്താൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. നാം കാണാൻപോകുന്നതുപോലെ, കനാൻ ദേശം വെള്ളത്താൽ ചുറ്റപ്പെട്ട ഒരു ഉയർന്ന ദേശമാണ്. ഈ ദേശം ക്രിസ്തുവിന്റെ ഒരു ചിത്രമാണ്.

## ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരുടെ ഒരു മുൻകുറി

ബൈബിളിൽ, ഭൂമിയിലെ മണ്ണ് ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവരായ നമ്മെ മുൻകുറിക്കുന്നു. ദൈവം നമ്മിൽ വളരുന്നതിനായി അവനെത്തന്നെ നമ്മിലേക്കു വിതയ്ക്കുവാൻ തക്കവണ്ണമുള്ള മണ്ണായിരിക്കുവാൻ ദൈവം നമ്മെ തിരഞ്ഞെടുത്തിരിക്കുന്നു (മത്താ 13:3, 23). നാം ദൈവത്തിന്റെ മണ്ണാകുന്നു. ഒടുവിൽ, നാം അവന്റെ നിലവും ക്രിസ്തുവിനെ വളർത്താനുള്ള അവന്റെ കൃഷിസ്ഥലവും ആയിത്തീരുന്നു (1 കൊരി. 3:9). ഈ കാര്യം വളരെ ഘനമുള്ളതും അർഥവത്തുമാണ്.

## ദേശവും ക്രിസ്തുവും മനുഷ്യത്വവും

ദൈവം മരണജലത്തിൽനിന്നും ഉയർന്നുവന്ന നിലത്തിൽനിന്നുള്ള മണ്ണെടുക്കുകയും മനുഷ്യനെ ഉണ്ടാക്കുവാൻ അതിനെ ഉപയോഗിക്കുകയും ചെയ്തു (ഉല്പ. 2:7). അങ്ങനെ മനുഷ്യൻ നിലത്തിൽനിന്നു സൃഷ്ടിക്കപ്പെടുകയും, ദൈവത്തെ ആവിഷ്കരിക്കുവാൻ നിർണ്ണയിക്കപ്പെടുകയും ചെയ്തു. മനുഷ്യന്റെ ശരീരം ഉയിർത്തപ്പെട്ട നിലത്തിന്റെ പൊടികൊണ്ട് നിർമിക്കപ്പെടുകയും, ദൈവത്തെ ആവിഷ്കരിക്കുക എന്ന ഉദ്ദേശ്യത്തിനുവേണ്ടി മനുഷ്യൻ ദൈവത്തിന്റെ സ്വരൂപത്തിൽ നിർമിക്കപ്പെടുകയും ചെയ്തു. (ഉൽപ. 2:7; 1:26-28). പൊടികൊണ്ടുള്ള മനുഷ്യൻ ദൈവത്തിന്റെ സ്വരൂപത്തിൽ നിർമിക്കപ്പെട്ടത് ദൈവത്തെ ആവിഷ്കരിക്കുവാൻ മാത്രമല്ല, പിന്നെയോ ദൈവത്തിന്റെ ആധിപത്യം പ്രയോഗിക്കുവാനും ഭൂമിയിൽ ദൈവത്തിന്റെ രാജ്യം രൂപീകരിക്കുവാനും ദൈവത്തിന്റെ അധികാരത്തോടും അവൻ ഭരമേല്പിക്കപ്പെട്ടിരുന്നു. അതിനാൽ ദൈവത്തിന്റെ ആവിഷ്കാരവും രാജ്യവും പൂർണമായും ഭൂമിയോടു ബന്ധപ്പെട്ടിരിക്കുന്നു. ഉയിർത്തപ്പെട്ട നിലത്തുനിന്ന്, ഉയിർത്തപ്പെട്ട ഭൂമിയിൽനിന്ന് മനുഷ്യൻ വരികയും, ദൈവത്തെ ആവിഷ്കരിക്കുന്നതിനും ദൈവത്തെ പ്രതിനിധീകരിക്കുന്നതിനും, ദൈവാഷ്കാരവും ദൈവരാജ്യവും രൂപീകരിക്കുന്നതിനും ഈ ഭൂമിയിൽ ജീവിക്കുകയും ചെയ്തു. രാജ്യത്തോടുകൂടെയുള്ള ഈ ആവിഷ്കാരമാണ് ദൈവത്തിന്റെ ലക്ഷ്യം, നാം അതിലേക്കു പ്രവേശിക്കണം.

ഈ ഹ്രസ്വമായ വാക്ക് ദേശത്തെയും ക്രിസ്തുവിനെയും മനുഷ്യത്വത്തെയും സംയോജിപ്പിക്കുന്നു. ദേശവും ക്രിസ്തുവും മനുഷ്യത്വവും ഒരുമിച്ചു സംയോജിച്ചിരിക്കുന്നതാണ് ദൈവത്തിന്റെ തേജസ്സും അധികാരവും ഉള്ളിടമായ ദൈവാവിഷ്കാരവും ദൈവരാജ്യവും. ഈ മണ്ഡലത്തിലേക്കാണ് നാം എല്ലാവരും പ്രവേശിക്കേണ്ടത്. ഈ മണ്ഡലത്തിലാണ് നാം എല്ലാവരും എത്തിച്ചേരേണ്ടത്. ഇവിടെയാണ് നമ്മുടെ വിശ്രമവും സംതൃപ്തിയും ഉള്ളത്. ഇവിടെ ദൈവം പൂർണമായി ആവിഷ്കരിക്കപ്പെടുകയും അവന്റെ നിവാസം എന്ന വാസസ്ഥലം ഉണ്ടായിരിക്കുകയും ചെയ്യുന്നു.

**വെളിപ്പാട് 21:1 പറയുന്നു, "ഞാൻ ഒരു പുതിയ ആകാശവും ഒരു പുതിയ ഭൂമിയും കണ്ടു: ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും നീങ്ങിപ്പോയി; സമുദ്രവും ഇനി ഇല്ല." പഴയ ആകാശവും പഴയ ഭൂമിയും കടന്നുപോകുമെന്നും ഒരു പുതിയ ആകാശവും ഒരു പുതിയ ഭൂമിയും ഉണ്ടായിരിക്കുമെന്നും ഇവിടെ നാം കാണുന്നു. ഈ പുതിയ ആകാശത്തിലും പുതിയ ഭൂമിയിലുമായിരിക്കും പുതിയ യെരൂശലേം: പുതിയ യെരൂശലേമിനുള്ളിൽ ഒഴുകുന്ന ആത്മാവിനെ**

പ്രതീകവൽക്കരിക്കുന്ന ജീവജലമായി ദൈവം ക്രിസ്തുവിൽ ഒഴുകുന്നു. നിങ്ങൾ വെളിപ്പാട് 21-നെ നോക്കുകയാണെങ്കിൽ, ദേശത്തിന്റെയും ക്രിസ്തുവിന്റെയും ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട, വീണ്ടുംജനിച്ച, തേജസ്കരിക്കപ്പെട്ട എല്ലാ ജനത്തിന്റെയും ഒരു ചിത്രം നിങ്ങൾ കാണും. ദേശത്തിന്റെയും ക്രിസ്തുവിന്റെയും നമ്മുടെയും ഈ സംയോജനം ദൈവത്തിന്റെ രാജ്യത്തോടുകൂടെയുള്ള ദൈവത്തിന്റെ ആവിഷ്കാരമായിരിക്കും. ഇതാണ് നമ്മുടെ നല്ലദേശം, നാം എല്ലാവരും പ്രവേശിക്കുവാൻ പരിശ്രമിക്കേണ്ട ദേശം. ഇവിടെയാണ് നമുക്ക് വിശ്രമവും സംതൃപ്തിയും ഉള്ളത്.

## ദൈവത്തിന്റെ നിത്യോദ്ദേശ്യം

ദൈവത്തിന്റെ ദിവ്യവചനത്തിലെ മുഴുവൻ വെളിപ്പാടിൽനിന്നും നമുക്കു കാണുവാൻ കഴിയുന്നത് കഴിഞ്ഞകാല നിത്യതയിൽ ദൈവം അവനെത്തന്നെ ആവിഷ്കരിക്കുവാൻ പദ്ധതിയിട്ടു എന്നാണ്. ഇതാണ് ദൈവത്തിന്റെ നിത്യോദ്ദേശ്യം: അനേകം മനുഷ്യരടങ്ങുന്ന ഒരു സംഘാത അസ്തിത്വത്തിലൂടെ പ്രായോഗികവും യഥാർഥവുമായ രീതിയിൽ സ്വയം ആവിഷ്കരിക്കുക. ഇതാണ് ദൈവത്തിന്റെ നിത്യോദ്ദേശ്യം. ഈ ഉദ്ദേശ്യം നിറവേറ്റേണ്ടതിന് ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു.

ദൈവത്തിന്റെ ശത്രുവായ സാത്താൻ ഇടയിൽ കടന്നുവന്ന് ദൈവത്തിന്റെ സൃഷ്ടിയെ, പ്രത്യേകിച്ചും ഭൂമിയെ നശിപ്പിച്ചു. അങ്ങനെ ദൈവം ഭൂമിയെ വെള്ളത്താൽ ന്യായംവിധിച്ചു (ഉല്പ. 1:2). മുഴുവൻ ഭൂമിയും ന്യായവിധിക്കുന്ന വെള്ളത്തിൻ കീഴിലായിരുന്നു, അത് നിലത്തെ മൂടിയിരുന്ന ഒരു തരം മരണമായിരുന്നു. അപ്പോൾ ദൈവം കടന്നുവരുകയും മൂന്നാം ദിവസം മരണജലത്താൽ മൂടപ്പെട്ടിരുന്ന ദേശത്തെ മരണജലത്തിൽനിന്നും ഉയർത്തുകയും ചെയ്തു. ഇത് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ഒരു ചിത്രമാണെന്ന് നല്ലൊരു കൂട്ടം ബൈബിൾ ഉപദേഷ്ടാക്കന്മാരും സമ്മതിക്കുന്നു. മൂന്നാം ദിവസം വെള്ളത്തിൽനിന്നും ഉയിർത്തപ്പെട്ട നിലം, സകല ജീവനും നിലവിൽ വരുന്ന ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ഒരു മുൻകുറിയാകുന്നു. തന്നെ ആവിഷ്കരിക്കുവാനും പ്രതിനിധീകരിക്കുവാനും ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ ഈ നിലത്തിൽനിന്നും സൃഷ്ടിച്ചു. ആദാം നിലത്തെ പൊടികൊണ്ട് ഉണ്ടാക്കപ്പെട്ടവനായിരുന്നതുകൊണ്ട്, അക്കാലത്തുള്ള ആദാമിൽ നമുക്ക് ഭൂമിയെ കാണുവാൻ കഴിഞ്ഞു. ആദാം ക്രിസ്തുവിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവനായതുകൊണ്ട് നമുക്ക് ക്രിസ്തുവിനെയും കാണുവാൻ കഴിഞ്ഞു. മനുഷ്യൻ ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്ന് ഉല്പത്തി 1:26-ഉം, ക്രിസ്തു അദൃശ്യനായ ദൈവത്തിന്റെ സ്വരൂപമാണെന്ന് കൊലൊസ്സ്യർ 1:15-ഉം പറയുന്നു. അതുകൊണ്ട്, മനുഷ്യൻ

ക്രിസ്റ്റുവിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെടുകയും ക്രിസ്റ്റുവിന്റെ സ്വരൂപം വഹിക്കുകയും ചെയ്യു. നിങ്ങൾക്ക് ആദാമിനെ കാണാൻ കഴിയുമായിരുന്നെങ്കിൽ, നിങ്ങൾക്ക് ക്രിസ്റ്റുവിന്റെ സ്വരൂപത്തെ കാണാൻ കഴിയുമായിരുന്നു. അങ്ങനെ ഒരു മനുഷ്യനായ ആദാമിൽ നിലത്തിലെ പൊടിയും ക്രിസ്റ്റുവിന്റെ സ്വരൂപവും ഉണ്ടായിരുന്നു. തന്മൂലം, ആദാമിൽ നാം ദേശം, ക്രിസ്റ്റു, മനുഷ്യൻ എന്നീ മൂന്നു കാര്യങ്ങൾ കാണുന്നു. ദൈവത്തിന്റെ ആവിഷ്കാരവും ദൈവരാജ്യവുമായിരിക്കുവാൻ ഈ മൂന്നു കാര്യങ്ങളെയും സംയോജിപ്പിച്ചിരിക്കുന്നു. അതായിരുന്നു ദൈവം നേടുവാൻ ഉദ്ദേശിച്ചതിന്റെ ഒരു ലഘുരൂപം.

## മനുഷ്യനും ഭൂമിയും തമ്മിലുള്ള ബന്ധം

ദൈവത്തിന്റെ കേന്ദ്രചിന്ത അറിഞ്ഞിട്ട് സാത്താൻ മനുഷ്യനെ നശിപ്പിക്കുവാൻ വന്നു. കർത്താവായ യേശു ജഡമായിത്തീർന്നപ്പോൾ (യോഹ. 1:14) അവൻ പൊടിയായിത്തീരുവാൻ വന്നു. അവൻ മനുഷ്യനോടു ചേരുവാൻ വന്നപ്പോൾ, അത് അർഥമാക്കിയത് അവൻ ഭൂമിയുമായി ചേരുവാൻ വന്നു എന്നാണ്. ആദാം നശിപ്പിക്കപ്പെട്ടു കഴിഞ്ഞപ്പോൾ, ഒടുവിൽ മനുഷ്യൻ ജഡമായിത്തീരുകയും (ഉല്പ. 6:3), ആ ജഡത്തെ ന്യായംവിധിക്കുവാൻ ദൈവം കടന്നുവരുകയും ചെയ്യു. ജഡത്തെ, അതായത്, മനുഷ്യവർഗത്തെ, ഭൂമിയിൽനിന്നും വേർപെടുത്തുവാൻ കഴിയാത്തതിനാൽ ദൈവം ജഡത്തെ ന്യായംവിധിച്ചപ്പോൾ, അവൻ ഭൂമിയെയും ന്യായംവിധിച്ചു (ഉല്പ. 6:12-13). ദൈവത്തിന്റെ കാഴ്ച്ചപ്പാടിലും ദൈവത്തിന്റെ ധരണയനുസരിച്ചും മനുഷ്യൻ എപ്പോഴും ഭൂമിയുമായി ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യൻ ന്യായംവിധിക്കപ്പെട്ടപ്പോൾ, ഭൂമി ന്യായംവിധിക്കപ്പെടുകയും, ഭൂമി ന്യായംവിധിക്കപ്പെട്ടപ്പോൾ മനുഷ്യൻ ന്യായംവിധിക്കപ്പെടുകയും ചെയ്യു. ദൈവം എപ്പോഴും ഈ രണ്ടു കാര്യങ്ങളെ ഒരുമിച്ച് പരിഗണിക്കുന്നു. ജലപ്രളയത്തിലൂടെ ദൈവം ജഡത്തെയും ഭൂമിയെയും ന്യായംവിധിച്ചു.

ജലപ്രളയത്തിനുശേഷം പെട്ടകം കർത്താവായ യേശു മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റ മാസത്തിലെ അതേ ദിവസം, പതിനേഴാം ദിവസം, അരാരത്ത് പർവതത്തിനു മുകളിൽ ഉറച്ചു. പെസഹയുടെ ദിവസമായ, മാസത്തിന്റെ പതിന്നാലാം ദിവസം കർത്താവ് ക്രൂശിക്കപ്പെടുകയും, മൂന്നു ദിവസത്തിനുശേഷം അവൻ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യു. മാസത്തിന്റെ പതിനേഴാം ദിവസം പെട്ടകം മരണജലത്തിൽനിന്നും ഉയിർത്തപ്പെട്ടു. ഉല്പത്തിയിലെ വിവരണമനുസരിച്ച് ഇത്വർഷത്തിന്റെ ഏഴാം മാസമായിരുന്നു, പെസഹയുടെ സമയത്ത് യെഹൂദാ കലണ്ടർപ്രകാരം ഇതിനെ വർഷത്തിന്റെ ആദ്യ മാസമായി മാറ്റി.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, കർത്താവായ യേശു ഉയിർത്തെഴുന്നേറ്റത് മരണജലത്തിൽനിന്നും പെട്ടകം ഉയിർത്തപ്പെട്ട അതേ മാസം അതേ ദിവസം തന്നെയായിരുന്നു.

നോഹയും മറ്റു ഏഴുപേരും പെട്ടകത്തിൽനിന്നു പുറത്തു വന്നപ്പോൾ അവർ പുതിയ ഭൂമിയിൽ ജീവിച്ചു. ഉയിർത്തെഴുന്നേറ്റ ആളുകൾ പുതിയ ഭൂമിയിൽ ജീവിക്കുകയും, അങ്ങനെ ഒരിക്കൽകൂടി, ആ പുതിയ ഭൂമി ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ മുൻകുറിക്കുകയും ചെയ്തു. ഉയിർത്തെഴുന്നേറ്റ ജനമായ നോഹയും മറ്റ് ഏഴുപേരും പുതിയ ഭൂമിയിൽ ജീവിച്ചു എന്നത് അവർ ക്രിസ്തുവിൽ ജീവിച്ചുവെന്നാണ് സൂചിപ്പിക്കുന്നത്. ഇപ്പോൾ നാമെല്ലാവരും ക്രിസ്തുവിലാണ് ഇന്നു ജീവിക്കുന്നത്.

ഈ സന്തോഷകരമായ സാഹചര്യം വളരെക്കാലം നീണ്ടുനിന്നില്ല, കാരണം സാത്താൻ മനുഷ്യവർഗത്തെ വീണ്ടും ദുഷിപ്പിക്കുവാനും മലിനപ്പെടുത്തുവാനും വന്നു. ഉല്പത്തി 10 വെളിപ്പെടുത്തുന്നതുപോലെ, ബാബേൽ പണിയുവാൻ സാത്താൻ നിമ്രോദിന്റെ പിതാവായ കൂശിനെ ഉപയോഗിച്ചു. കൂശിനെയും നിമ്രോദിനെയും സാത്താൻ ദുഷിപ്പിക്കുകയും മലിനമാക്കുകയും ചെയ്തതിന്റെ അർഥം സാത്താൻ ഒരിക്കൽകൂടി മനുഷ്യവർഗത്തെ ദുഷിപ്പിച്ചു എന്നാണ്. ദൈവത്തിന്റെ ദൃഷ്ടിയിൽ, മലിനമാക്കപ്പെട്ട ആ മനുഷ്യവർഗം കൽദയദേശവുമായി ഒന്നായിത്തീർന്നു. ദൈവത്തിന്റെ ദൃഷ്ടിയിൽ, മനുഷ്യവർഗം എപ്പോഴും ദേശവുമായി ബന്ധപ്പെട്ടിരിക്കുന്നു. ബൈബിളിലെ വിവരണമനുസരിച്ച് യിസ്രായേലിന്റെ ചരിത്രം നിങ്ങൾ വായിക്കുന്നുവെങ്കിൽ, ദൈവം എപ്പോഴും യിസ്രായേലിനെയും ദേശത്തെയും ഒന്നായി വയ്ക്കുന്നു എന്നു നിങ്ങൾ കാണും. ദൈവം രണ്ടിനെയും ഒന്നായി കണക്കാക്കുന്നതുകൊണ്ട് ചില വാക്യങ്ങൾ ദേശത്തെയും ജനത്തെയും പരാമർശിക്കുന്നു (യെശ. 1:7-9, 27). അമേരിക്കയിലെ ആളുകൾ ദുഷിക്കപ്പെട്ടെങ്കിൽ അത് അർഥമാക്കുന്നത് അമേരിക്ക ദുഷിക്കപ്പെട്ടു എന്നാണ്. ദേശത്തിലെ ജനം മലിനമാക്കപ്പെടുമ്പോൾ അത് അർഥമാക്കുന്നത്, ദൈവത്തിന്റെ ദൃഷ്ടിയിൽ ദേശവും മലിനമാക്കപ്പെട്ടു എന്നാണ്. ദേശത്തിൽനിന്നും ജനത്തെ വേർപെടുത്തുവാൻ കഴിയില്ല.

## ഉയർന്ന ദേശം

ബാബേലിന്റെ കാലത്ത് മനുഷ്യൻ കൽദയ ദേശവുമായി ഒന്നായിത്തീർന്നിരുന്നു. ദൈവം കടന്നുവരികയും ദുഷിക്കപ്പെട്ട കൽദയയിൽനിന്നും അബ്രാഹാമിനെ വിളിക്കുകയും ചെയ്തു: എന്നു വച്ചാൽ ദുഷിക്കപ്പെട്ട മനുഷ്യവർഗത്തിൽനിന്നും അവനെ വിളിച്ചു. ദൈവം അബ്രാഹാമിനെ ആ ദേശത്തുനിന്നും കനാൻ എന്ന നല്ലദേശമായ ഉയർന്ന ഒരു ദേശത്തിലേക്കു

കൊണ്ടുവന്നു. കനാൻദേശം ഉയർന്ന ഒരു ദേശമാണ്. ഭൂമിശാസ്ത്രമനുസരിച്ച്, കനാൻദേശം വെള്ളത്താൽ, മെഡിറ്ററേനിയൻ സമുദ്രത്താലും, ചാവുകടലിനാലും, യോർദ്ദാൻ നദിയാലും, ചുറ്റപ്പെട്ടിരിക്കുന്നു. ഇതു സൂചിപ്പിക്കുന്നത് അത് മരണജലത്തിൽ നിന്നും വരുന്നതും ആ ജലത്തിനു മുകളിൽ ഉയർന്നിരിക്കുന്നതുമായ ഒരു ദേശമാണെന്നാണ്. ഇതാണ് ദൈവത്തിന്റെ ശരിയായ ജനത്തോടുകൂടെ ക്രിസ്തുവിനെ സൂചിപ്പിക്കുന്ന ദേശം. ദൈവത്തിന്റെ ദൃഷ്ടിയിൽ, അവൻ എപ്പോഴും നല്ലദേശത്തെയും, ക്രിസ്തുവിനെയും, അവന്റെ ശരിയായ ജനത്തെയും ഒന്നായി കണക്കാക്കുന്നു.

Mon

## നല്ലദേശത്തിലേക്കു പ്രവേശിക്കുന്നതിന്റെ ആത്യന്തിക പരിണതി

അബ്രാഹാം കനാൻ എന്ന നല്ലദേശത്തിലേക്കു പ്രവേശിച്ചു. അവന്റെ പിൻതുടർച്ചക്കാർ ആ നല്ലദേശത്തിൽ നിന്നും വീണുപോയപ്പോൾ ദൈവം അവരെ തങ്ങളുടെ വീണുപോയ സ്ഥാനത്തുനിന്നും കൊണ്ടുവന്ന് നല്ലദേശത്ത് അവരെ പുനഃസ്ഥാപിച്ചു. യിസ്രായേൽമക്കൾ നല്ലദേശത്തിലേക്കു പ്രവേശിച്ചതിന്റെ ആത്യന്തിക പരിണിതി എന്തായിരുന്നു? അത് ആലയമായിരുന്നു. ഒരു വശത്ത്, ആലയം ദൈവത്തിന്റെ ആവിഷ്ക്കാരമായിരുന്നു, മറുവശത്ത്, അത് ദൈവത്തിന്റെ രാജ്യവും ഭരണവും ഭരണനിർവഹണവും ആയിരുന്നു. അവിടെ, ആലയത്തോടുകൂടെ നമുക്ക് ദൈവത്തിന്റെ ആവിഷ്ക്കാരത്തെയും ദൈവത്തിന്റെ രാജ്യത്തെയും കാണുവാൻ കഴിയും. അവിടെ, ആലയത്തോടുകൂടെ, ദൈവത്തിനും അവന്റെ എല്ലാ ജനത്തിനും വിശ്രമിക്കുവാനും സംതൃപ്തരാകുവാനും കഴിഞ്ഞു. ശരിയായ ഭൂമിയും ശരിയായ ജനവും പ്രപഞ്ചത്തിൽ ദൈവത്തെ ആവിഷ്ക്കരിക്കുന്നതിനും അവന്റെ അധികാരം പ്രയോഗിക്കുന്നതിനുമായി പണിയപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ നിവാസത്തോടുകൂടെയുള്ള സംയോജനമാണ് നല്ലദേശം. ഇതാണ് നല്ലദേശം.

പഴയനിയമത്തിൽ, നല്ലദേശത്തിന്റെ ഒരു ലഘുരൂപം നാം കാണുന്നു: മരണജലത്താൽ ചുറ്റപ്പെട്ടതും ദൈവത്തിന്റെ വാസസ്ഥലത്താൽ നിറഞ്ഞതുമായ ഒരു ഉയർന്ന ദേശം. ആ ദേശത്തിലായിരുന്നു ദൈവത്തിന്റെ ആവിഷ്ക്കാരവും ഭരണനിർവഹണവും ഉണ്ടായിരുന്നത്. ഇതാണ് പഴയനിയമത്തിലുള്ള ലഘുരൂപം. ഈ പ്രതിരൂപത്തിന്റെ നിറവേറൽ പുതിയനിയമത്തിൽ കാണപ്പെടുന്നു. ആത്യന്തികമായി, പുതിയനിയമത്തിൽ, ദൈവത്തിന് ഒരു പുതിയ ഭൂമി ഉണ്ടായിരിക്കും. അവന് വെറുമൊരു ഭൂപ്രദേശമല്ല, മറിച്ച് ഒരു പുതിയ മുഴുവൻ ഭൂമി, പുനരുത്ഥാനം ചെയ്യുതും

സകല മരണത്തിനും മീതെ ഉയർത്തപ്പെട്ടതുമായ ഒരു ഭൂമി, അവനുണ്ടായിരിക്കും. ഈ പുതിയ ഭൂമിയിൽ ഇനിമേൽ സമുദ്രമോ, മരണമോ, രാത്രിയോ ഉണ്ടായിരിക്കയില്ല (വെളി 21:1, 4, 25). സമുദ്രവും, മരണവും, രാത്രിയും എന്നെന്നേക്കുമായി പോയിരിക്കും; ശുദ്ധവും, തെളിഞ്ഞതും, ഉണങ്ങിയതുമായ ഒരു ദേശവും അതിലൂടെ ഒഴുകുന്ന നിർമലമായ ഒരു നദിയും അവിടെ ഉണ്ടായിരിക്കും. അവിടെ പുതിയ യെരൂശലേം ഉണ്ടായിരിക്കും. അതായിരിക്കും ദൈവത്തിന്റെ നിത്യമായ നിവാസവും ആവിഷ്കാരവും ഭരണനിർവഹണവും. അവിടെ ദൈവം പൂർണമായി ആവിഷ്കരിക്കപ്പെടുകയും, അവന്റെ അധികാരം പൂർണമായി പ്രയോഗിക്കപ്പെടുകയും ചെയ്യും. അതായിരിക്കും നല്ലദേശത്തിന്റെ പൂർത്തീകരണം. എവിടെയാണ് നമ്മുടെ നല്ലദേശം? അത് പുതിയ ഭൂമിയിലാണ്.

## പുതിയ യെരൂശലേമിന്റെ ഒരു മുൻരുചി

ഇന്നത്തെ സഭാജീവിതം പുതിയ യെരൂശലേമിനോടുകൂടെയുള്ള പുതിയ ദേശത്തിന്റെ ഒരു മുൻരുചിയാണെന്നതിനാൽ കർത്താവിനെ സ്തുതിക്കാം. ഇന്നത്തെ സഭാജീവിതം പുതിയ ദേശത്തിലാണ്. അനഹേം പഴയതായിരിക്കാം, എന്നാൽ നാം പുതിയതും ഉയർന്നതുമായ ദേശത്തിലാണ്. വരാനിരിക്കുന്ന പുതിയ യെരൂശലേമിന്റെ ഒരു മുൻരുചിയാണിത്. ഇന്നു നാം പുതിയ യെരൂശലേമിലല്ലേ? അതെ. നാം പുതിയ യെരൂശലേമിലാണ്. നാം പുതിയ യെരൂശലേമിന്റെ പൂർണ രുചിയിലല്ലെങ്കിലും, നാം സഭാജീവിതമെന്ന പുതിയ യെരൂശലേമിന്റെ മുൻരുചിയിലാണ്. ഇതാണ് ഇന്നത്തെ നമ്മുടെ നല്ലദേശം. യെഹൂദന്മാർക്കുണ്ടായിരുന്നത് നല്ലദേശത്തിന്റെ ഒരു മുൻകുറി, ഒരു പ്രതിരൂപം മാത്രമായിരുന്നു. പുതിയ യെരൂശലേമിൽ നല്ലദേശത്തിന്റെ പൂർത്തീകരണവും പൂർണ രുചിയും ഉണ്ടായിരിക്കും. ഇന്നു നമുക്കു സഭാജീവിതത്തിലുള്ളത് യഥാർഥമാണെങ്കിലും അത് ഇനിയും പൂർണമല്ല. നാം മുൻകുറിയിലല്ല, യാഥാർഥ്യത്തിലാണ്, എന്നാൽ ഈ യാഥാർഥ്യം മുൻരുചി മാത്രമാണ്. സ്വഭാവത്തിൽ, മുൻരുചി പൂർണ രുചിയെപോലെ തന്നെയാണ്. അതിനാൽ, മുൻരുചിയിൽ നാം പുതിയ യെരൂശലേമിലും, നാം പുതിയ ഭൂമിയിലും ആണ്.

നമ്മിൽ പലരും പഴയ മതത്തിന്റെ മേഖലയിലായിരുന്നു. ചിലർ കത്തോലിക്കാ മതത്തിലും മറ്റുചിലർ യെഹൂദമതത്തിലും ആയിരുന്നു. നിങ്ങൾ ആ പഴയ മേഖലയിൽ, കൽദയയിൽ ആയിരുന്നപ്പോൾ നിങ്ങൾ പുതിയ യെരൂശലേമിലാണെന്ന അനുഭൂതി നിങ്ങൾക്കുണ്ടായിരുന്നോ? നിങ്ങൾ പുതിയ യെരൂശലേമിനെ രുചിക്കുകയായിരുന്നെന്ന തോന്നൽ

നിങ്ങൾക്കുണ്ടായിരുന്നോ? പുതിയ യെരൂശലേമിലുള്ള രുചി മുഖ്യമായും ജീവജലവും ജീവവൃക്ഷവുമാണ്. പുതിയ യെരൂശലേമിൽ നമ്മുടെ രുചി മുഖ്യമായും നമുക്കു കുടിക്കാനുള്ള ജീവജലവും, നമുക്കു ഭക്ഷിക്കാനുള്ള ജീവവൃക്ഷവുമായി രിക്കും. സഭാജീവിതത്തിലേക്കു വന്നതുമുതൽ എന്തൊരു പാനംചെയ്യലാണ് നാം ആസ്വദിച്ചിരിക്കുന്നത്! സഭാജീവിതത്തിൽ നാം കുടിക്കുന്ന വെള്ളം ഏതൊരു ഭൗമിക പാനീയത്തേക്കാളും മേൽത്തരമാണ്. ഭൂമിയിലെ ഏതൊരു പാനീയത്തെയും സഭാജീവിതത്തിൽ നാം കുടിക്കുന്നതുമായി താരതമ്യപ്പെടു ത്തുവാൻ കഴിയില്ല. മാത്രമല്ല, ദിനംപ്രതി നാം കർത്താവായ യേശുവിനെ നമ്മുടെ ജീവവൃക്ഷമായി ആസ്വദിക്കുന്നു. നമ്മെപ്പോലെ സന്തോഷവും ആനന്ദവും ഉള്ളവരായിരിക്കുവാൻ ആർക്കു കഴിയും? നാം വാസ്തവമായും പുതിയ യെരൂശലേമിന്റെ മുൻരുചിയിലാണ്. നിങ്ങൾ യെഹൂദമതത്തിലായിരുന്നപ്പോൾ ഈ രുചി ആസ്വദിച്ചിരുന്നുവോ? മെഴുകുതിരികൾ കത്തിച്ചുകൊണ്ടും പുരോഹിതന്മാരോട് കുമ്പസാരം നടത്തിക്കൊണ്ടും നിങ്ങൾ കത്തോലിക്കാസഭയിൽ ആയിരുന്നപ്പോൾ നിങ്ങൾക്ക് പുതിയ യെരൂശലേമിന്റെ രുചി ഉണ്ടായിരുന്നോ? പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങളിലെ ഇരിപ്പിടങ്ങളായ ബഞ്ചുകളിൽ ഇരിക്കുമ്പോൾ നിങ്ങൾക്ക് ആ രുചി ഉണ്ടായിരുന്നോ? ഭിന്നാഭിപ്രായക്കാ രായിരിക്കുവാൻ വളരെ എളുപ്പമായിരുന്ന സ്വതന്ത്ര ഗ്രൂപ്പു കളിൽആയിരുന്നപ്പോൾനിങ്ങൾക്ക് അതുണ്ടായിരുന്നോ? പുതിയ യെരൂശലേമിന്റെ രുചി എവിടെ നിങ്ങൾക്കുണ്ടായി രിക്കുവാൻ കഴിയും? ശരിയായ സഭാജീവിതത്തിൽ മാത്രം. നമ്മെ സംബന്ധിച്ചിടത്തോളം സഭാജീവിതം നല്ലദേശമാണ്. ഈ നല്ലദേശത്തിൽ നമുക്ക് ദൈവത്തിന്റെ വാസസ്ഥലവും വിശ്രമവും ആവിഷ്കാരവും അധികാരവും രാജ്യവും ആധിപത്യവും ഉണ്ട്. സഭാജീവിതത്തിലാണ് നമുക്കെല്ലാവർക്കും വിശ്രമിക്കുവാൻ കഴിയുന്നത്. ദിവസംതോറും ഞാൻ പ്രവർത്തിക്കുകയല്ല, വിശ്രമിക്കുകയാണ്. ഞാൻ പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ, വിശ്രമത്തെ ആസ്വദിച്ചുകൊണ്ടിരിക്കുന്നു. ഇതുകൊണ്ടാണ് ക്ഷീണിതനായിരിക്കുവാനോ, തളർന്നവനായിരിക്കുവാനോ എനിക്കു പ്രയാസമായിരിക്കുന്നത്, കാരണം ഞാൻ പ്രവർ ത്തിക്കുകയല്ല, വിശ്രമിക്കുകയാണ്. എന്റെ ശരീരത്തിലെ ഓരോ കോശവും എന്റെ രക്തത്തിലെ ഓരോ തുള്ളിയും വിശ്രമിക്കുന്നു. ഓ, ഇതെന്തൊരു ആസ്വാദനമാണ്!

സഭാജീവിതം നമ്മുടെ യഥാർഥ വിശ്രമവും ആസ്വാദനവുമാണ്. നാം തീർച്ചയായും പാലും തേനും ഒഴുകുന്ന ദേശമായ നല്ലദേശത്തിലാണ്. പാലും തേനും രണ്ടു തരം ജീവനിൽനിന്നുള്ള, ജന്തുജീവനിലും സസ്യജീവനിലും നിന്നുള്ള, ഉല്പന്നമാണ്. ഇത്

ക്രിസ്തുവിന്റെ സമ്പന്നമായ ജീവനെ സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ ജീവൻ വീണ്ടെടുപ്പിനുവേണ്ടിയുള്ള ജന്തുജീവനും വീണ്ടുംജനനത്തിനുവേണ്ടിയുള്ള സസ്യജീവനും ആണ്. ഇപ്പോൾ നാം നല്ലദേശത്തിൽ ഒഴുകുന്ന പാലും തേനും ആസ്വദിച്ചുകൊണ്ടിരിക്കുന്നു.